# വിദ്യാഭ്യാസരംഗം നേരിടുന്ന പ്രതിസന്ധികൾ

ഒരു മനുഷ്യനെ നിസ്സ്വാർഥനും സ്വന്തം കഴിവുകളിൽ വിശ്വാസമുള്ളവനുമാക്കി തീർക്കുന്ന ഒന്നാണ് വിദ്യാഭ്യാസം. ഒരു രാഷ്ട്രത്തിന്റെ പുരോഗതിയുടെ അടിത്തറ.എപ്പോഴും വളരേണ്ടതും നിലനിൽക്കേണ്ടതുമായ ഒന്നാണ് 'വിദ്യാഭ്യാസം'. എന്നാൽ ഇന്ന് ഏറ്റവും കൂടുതൽ പ്രശ്നങ്ങൾ നേരിടുന്നതും വിദ്യാഭ്യാസരംഗം തന്നെയാണ്.

വിദ്യാഭ്യാസം നേടാൻ ഏറ്റവും അത്യാവശ്യം ശാന്തമായ മനസ്സാണ്. എന്നാൽ ഇന്ന് സമൂഹത്തിൽ അരങ്ങേറുന്ന സംഘർഷങ്ങളും ഹർത്താലുകളും ഇതിന് വിപരീതമായി പ്രവർത്തിക്കുന്നു. അനാവശ്യമായി പ്രവൃത്തി ദിവസങ്ങളിൽ അരങ്ങേറുന്ന ഹർത്താലുകൾ വിദ്യാർത്ഥികളെ പ്രതികൂലമായി ബാധിക്കുന്നു. പല വിദ്യാഭ്യാസ സ്ഥാപനങ്ങളും നേരിടുന്ന പ്രധാന പ്രതിസന്ധി അടിസ്ഥാന സൗകര്യങ്ങളുടെ കുറവാണ്. പലർക്കും അത്യാവശ്യമായ പഠനസൗകര്യങ്ങൾ ലഭിക്കുന്നില്ല. ഇന്നും ഇന്ത്യയുടെ പല ഭാഗങ്ങളിലുള്ള കുട്ടികൾക്കും വിദ്യാഭ്യാസമൊരു സ്വപ്നമാണ്. അവരുടെ സ്വപ്നം സാക്ഷാത്കരിക്കേണ്ടത് ഈ സമൂഹത്തിന്റെ കടമയാണ്. പഠനസൗകര്യങ്ങൾ ഒരുക്കുന്നതിൽ സർക്കാർ വളരെയധികം പ്രയത്നിക്കുന്നുണ്ട്. മറ്റൊരു പ്രധാനപ്രശ്നം അദ്ധ്യാപക-വിദ്യാർത്ഥി ബന്ധങ്ങൾക്കിടയിലെ വിള്ളലാണ്. അദ്ധ്യാപകരുടെ പ്രതികരണങ്ങളെ കുട്ടികളിന്ന് മറ്റൊരു രീതിയിലാണ് സമീപിക്കുന്നത്. കേരളത്തിലിന്ന് വിദ്യാർത്ഥി ആത്മഹത്യപ്രവണത വർദ്ധിച്ചുവരികയാണ്. ശരിയായുള്ള പരസ്പരധാരണയുടെ കുറവാണ് ഇതിന്റെ പ്രധാന കാരണം. പല വിദ്യാഭ്യസസ്ഥാപനങ്ങളിലും വിദ്യാഭ്യാസം മറന്ന് രാഷ്ട്രീയ പ്രവണതയിലേക്ക് കുട്ടികളുടെ പ്രവർത്തനങ്ങൾ നീങ്ങുന്നു. മയക്കുമരുന്ന് പോലുള്ള ലഹരി വസ്തുക്കളുടെ ഉപയോഗം വർധിച്ചു വരികയാണ്. ഇന്ന് വിദ്യാർത്ഥികൾ മയക്കുമരുന്ന് റാക്കറ്റുകളിൽ അകപ്പെടുന്നു. കുട്ടികൾ അതിനടിമയായ് തീരുന്നു. പിന്നെ അത് മറ്റു കുട്ടികളിലേക്കെത്തിക്കുക എന്നതാണ് ആ റാക്കറ്റുകളുടെ ലക്ഷ്യം. ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ വിദ്യാർത്ഥികളെ തെറ്റായ സൗഹൃദത്തിലേക്കു നയിക്കുന്നു. കേരളത്തിലെ ഒരു വിദ്യാലയത്തിൽ ഈ അടുത്തകാലത്ത് ഒന്നാം ക്ലാസ്സുകാരിയെ കാണാതായി. വിദ്യാർത്ഥികളുടെ സുരക്ഷിതത്ത്വമില്ലായ്മ വിദ്യാഭ്യാസരംഗത്തെ പ്രധാന പ്രശ്നമാണ്. ഇതുപോലുള്ള പ്രശ്നങ്ങൾ നമ്മുടെ സമൂഹത്തിൽ നിരവധി. ഇവയ്ക്ക് പരിഹാരം കാണേണ്ടത് നമ്മുടെ കടമയാണ്.

വിദ്യാർത്ഥികൾക്കു വേണ്ടത്ര അവബോധം നൽകുകയാണ് നമ്മുടെ പ്രധാന പരിഹാരമാർഗ്ഗം. ആവശ്യമില്ലാത്ത സംഘർഷങ്ങൾ ഒഴിവാക്കുക. വിദ്യാഭ്യാസരംഗത്തെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിലൂടെ പല പ്രശ്നങ്ങളും നമുക്ക് ഒഴിവാക്കാൻ സാധിക്കും, വിദ്യാർത്ഥികൾക്ക് സമൂഹത്തിലെ നന്മ തിന്മയെ പറ്റി ശരിയായ അവബോധം നൽകണം. സൈബർ ലോകത്തെ തെറ്റുകളിലേക്ക് എത്താതിരിക്കാൻ മുന്നറിയിപ്പ് നൽകണം. രാഷ്ട്രത്തിന്റെ നാളത്തെ വാഗ്ദാനങ്ങൾ ഇന്നത്തെ വിദ്യാർത്ഥികളാണ്. അതിനായി അവർക്ക് അത്യാവശ്യമായ വിദ്യാഭ്യാസം നൽകി പൗരബോധമുള്ള, മൂല്യബോധമുള്ള, സംസ്കാരികത്തനിമയുള്ള, രാഷ്ട്രസ്നേഹമുള്ള, ദീനാനുകമ്പയുള്ള ഒരു തലമുറയെ വാർത്തെടുക്കാം.

**"നമ്മുടെ കുറവുകളെ മനസ്സിലാക്കുക എന്നതാണ് ഏറ്റവും ഉന്നതമായ പുരോഗതി" - മഹാത്മാഗാന്ധി**

# കോട്ടൺഹില്ലിൽ ചരിത്രം കുറിച്ച്പിങ്ക്എഫ് എം

തിരുവനന്തപുരം :കോട്ടൺഹില്ലിന്റെ സ്വന്തം റേഡിയോ കോട്ടൺഹിൽ പിങ്ക് എഫ് എം ജൂലൈമുന്നിന് പ്രവർത്തനം ആരംഭിച്ചു . വിദ്യാർത്ഥികൾക്ക് വിനോദവും വിജ്ഞാനവും പകർന്നു കൊടുക്കുകയാണ് ലക്ഷ്യം . ഉച്ചയ്ക്ക് 12.15 മുതൽ 1.15 വരെയാണ് പിങ്ക് എഫ് എം പ്രക്ഷേപണം നടത്തുന്നത്.പത്രവാർത്തകൾ പൊതുവിജ്ഞാനം സ്കൂൾ വാർത്തകൾ,ഫാഷൻ ആരോഗ്യം തുടങ്ങി വിവിധ മേഖലകളിലെ വിവരങ്ങൾ കൂടാതെ ലളിതഗാനം ചലച്ചിത്രഗാനം എന്നിവയും ആസ്വദിക്കാം.പുതിയതാളമായി എന്നു തുടങ്ങുന്നഅവതരണഗാനം എഴുതിസംഗീതം നല്കിയത് സ്കൂളിലെഅദ്ധ്യാപകനായ ശ്രീ എം എസ് കബീറാണ്.ഉദ്ഘാടനം നിർവ്വഹിച്ചത് ആകാശവാണി സ്റ്റേഷൻഡയറക്ടർ ശ്രീവിമലസേനൻ നായരാണ് .പിങ്ക് എഫ്എം ആർജെ മാർ പങ്കെടുത്തു .




# ക്ലബ്ബുകളുടെ ഉദ്ഘാടനം

തിരുവനന്തപുരം : കോട്ടൺഹിൽ സ്കൂളിലെ 2017-18 അദ്ധ്യയനവർഷത്തെവിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനം 2017 ആഗസ്റ്റ് 7 ന് നടക്കുകയുണ്ടായി. ആർട്സ് ക്ലബ്ബുകളുടെ ഉദ്ഘാടനം പ്രശസ്ത സിനിമ സീരിയൽ താരവും നിർമ്മാതാവുമായ ശ്രീ. ദിനേശ് പണിക്കരും ശാസ്ത്രഗണിതശാസ്ത്ര-സാമൂഹ്യശാസ്ത്ര ക്ലബ്ബുകളുടെ ഉദ്ഘാടനം ഇന്ത്യാ ഗവൺമെന്റിന്റെ ഹെറിറ്റേജ്സ്റ്റഡീസ് സെന്റർ ഡയറക്ടർ ശ്രീ ശങ്കരൻകുട്ടി നായരും വിവിധ ഭാഷാക്ലബ്ബുകളുടെ ഉദ്ഘാടനം കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട് റിസർച്ച്ഓഫീസർബിജുബാലകൃഷ്ണനും നിർവ്വഹിച്ചു

